**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2333** **30-09-2025 - ൽ മറുപടിയ്ക്ക്**

**അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡുകൾ എത്ര പേർക്ക് നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 5,91,194 എ.എ.വൈ. കാർഡുകൾ നിലവിലുണ്ട്. |
| (ബി) | ഇതിൽ പാലക്കാട് ജില്ലയിലും ഷൊർണ്ണൂർ മണ്ഡലത്തിലുമുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ 49530 കുടുംബങ്ങൾക്കും, ഷൊർണ്ണൂർ മണ്ഡലത്തിൽ 2957 കുടുംബങ്ങൾക്കും AAY കാർഡുകൾ നിലവിൽ അനുവദിച്ചിട്ടുണ്ട്. |
| (സി) | അതിദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്കുള്ള റേഷൻകാർഡുകൾക്ക് വേണ്ടി പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം ദരിദ്രരിൽ അതിദരിദ്രർ ആയിട്ടുള്ളവർക്കാണ് AAY കാർഡുകൾ നൽകിവരുന്നത്. 2013 ലെ NFSA ആക്ട് പ്രകാരം സംസ്ഥാനത്തിന് AAY വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള കാർഡുകളുടെ പരമാവധി എണ്ണം 5,95,800 ആണ്. AAY കാർഡുകൾ ലഭിക്കുന്നതിനായി അതാത് താലൂക്ക് സപ്ളൈ ഓഫീസുകളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. AAY വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അർഹരായവരെ പ്രസ്തുത വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ